# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5972

07/07/2014 ലെ മറുപടിക്ക്

## ഹോർട്ടികോർപ്പിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. സി.പി. മുഹമ്മദ് | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) ഹോർട്ടികോർപ്പിന് എല്ലാ സമയങ്ങളിലും വിപണിയിൽ ഇടപെടാൻ അധികാരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) ഹോർട്ടിക്കോർപ്പിന് എല്ലാ സമയങ്ങളിലും വിപണിയിൽ ഇടപെടാൻ അധികാരം ലഭിച്ചിട്ടില്ല. എന്നാൽ പൊതു വിപണിയിൽ പഴം-പച്ചക്കറികൾക്ക് വില വർദ്ധിക്കുമ്പോഴും, ഉത്സവകാല സീസണുകളിൽ പൊതുവിപണിയിൽ പഴം-പച്ചക്കറി വില ഒരു പരിധിവരെ പിടിച്ചു നിറുത്തുന്നതിനുമായി സർക്കാരിന്റെ നിർദ്ദേശാനുസരണം ഹോർട്ടികോർപ്പ് വിപണിയിൽഇടപെടാറുണ്ട്. |
| ബി) കർഷകർ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ പൂർണ്ണമായി സംഭരിക്കുന്നതിനും അവ വിപണിയിൽക്കൂടി ജനങ്ങൾക്ക് വിതരണം ചെയ്യുന്നതിനും എന്തെല്ലാം നടപടി സ്വീകരിക്കാനാണുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | ബി) സംസ്ഥാനത്തെ കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ ന്യായവില നൽകി കർഷകരിൽനിന്നും സംഭരിക്കാറുണ്ട്. തിരുവനന്തപുരം, കൊല്ലം, ചടയമംഗലം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, എറണാകുളം, ഇടുക്കി, ഗുരുവായൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ഹോർട്ടികോർപ്പിന്റെ ജില്ലാ സംഭരണ കേന്ദ്രം പ്രവർത്തിക്കുന്നു. അതിന്റെ കീഴിൽ സ്വന്തം സ്റ്റാളുകളും പ്രവർത്തിക്കുന്നു. കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾ ഹോർട്ടികോർപ്പിന്റെ നേരിട്ടുള്ള ഏതെങ്കിലും സ്റ്റാളുകളിൽ നൽകി, |

| | | | |
|---|---|---|---|
| | | | അതിന്റെ വില ഉടനെതന്നെ കൈപ്പറ്റാവുന്നതാണ്. വട്ടവട, കാന്തല്ലൂർ പ്രദേശത്തെ ഹോർട്ടികോർപ്പിന്റെ രണ്ട് ജീവനക്കാരെ പച്ചക്കറി സംഭരണത്തിനായി നിയമിച്ചിട്ടുണ്ട്. അവർ ആ ഭാഗത്തെ കർഷകർ, കർഷക സംഘങ്ങൾ എന്നിവർ ഉത്പാദിപ്പിക്കുന്ന പച്ചക്കറികൾ സംഭരിക്കാറുണ്ട്. കൂടാതെ കൃഷിവകുപ്പിന്റെ കീഴിലുള്ള ഗ്രാമീണ-മൊത്ത വ്യാപാര വിപണികളിലെ ലേലത്തിൽ പങ്കെടുത്ത് അവിടെയുള്ള 90% പച്ചക്കറികളും ഹോർട്ടികോർപ്പ് സംഭരിച്ചുവരുന്നു. വി.എഫ്.പി.സി.കെ, സംഘമൈത്രി, വയനാട് കർഷകസംഘങ്ങൾ തുടങ്ങിയവരിൽനിന്നും പച്ചക്കറികൾ സംഭരിക്കുന്നു. |
| സി) | ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിവരിക്കുമോ? | സി) | കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾ ഹോർട്ടികോർപ്പിന്റെ ഏതെങ്കിലും സ്റ്റാളുകളിൽ എത്തിച്ചാൽ എടുക്കണമെന്ന നിർദ്ദേശം അതാത് ജില്ലാ മാനേജർമാർക്ക് നല്കികിയിട്ടുണ്ട്. കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾ ഹോർട്ടകോർപ്പിൽ എത്തിക്കുന്നതിലേയ്ക്കായി എല്ലാ ജില്ലാ സംഭരണ കേന്ദ്രത്തിന്റേയും, അതാത് ജില്ലാ മാനേജർമാരുടെയും ഫോൺ നമ്പറും, അഡ്രസ്സും പത്ര പരസ്യം നൽകിയിരുന്നു. ഇടുക്കി ജില്ലയിലെ വട്ടവട, കാന്തല്ലൂർ, പാലക്കാട് ജില്ലയിലെ കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ ഉടനെ തുക നൽകി ( on the spot payment) സംഭരിക്കാനുള്ള നടപടി ത്വരിതപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ